ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30-07-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പരീക്ഷാ സംവിധാനത്തെ സുതാര്യവും വിശ്വസനീയവും നീതിയുക്തവുമാക്കുക എന്നതാണ് പൊതുപരീക്ഷാ ഭേദഗതി നിയമത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി.

   **Education Minister Pralhad Joshi said, Public Examinations (Prevention of Unfair Means) Amendment Bill aims to dismantle the paper leak ecosystem and increase transparency, credibility and fairness in the examination process.**

2. ശക്തവും ഭാവിസജ്ജവുമായ കയറ്റുമതി ആവാസവ്യവസ്ഥ രൂപപ്പെടുത്താൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ.

   **Commerce and Industry Minister Piyush Goyal reaffirmed the government's commitment to building a stronger, more competitive and future-ready export ecosystem..**

3. കേരളത്തിൽ ഇന്ന് മുതൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; ഞായറാഴ്ച വരെ കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്; വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

   **Heavy Rain Warning Issued for Kerala; Fishing Ban Extended Till Sunday; Schools and Colleges will remain Closed Today in Wayanad.**

4. ഓണക്കാലത്തെ വിലക്കയറ്റം തടയാൻ സർക്കാർ സജീവമായി ഇടപെടൽ നടത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ; ഓണക്കിറ്റ് വിതരണം ആഗസ്റ്റ് 10 ന് ആരംഭിക്കും.

   **Chief Minister VD Satheesan says the government will actively intervene to prevent price hikes during Onam; Onam kit distribution will begin on August 10.**

5. പാക് അധിനിവേശ കശ്മീരിൽ സമാധാനപരമായി പ്രതിഷേധിക്കുന്നവർക്ക് നേരെ പാകിസ്ഥാൻ സൈന്യം നടത്തുന്ന അതിക്രമങ്ങളിൽ ആശങ്ക രേഖപ്പെടുത്തി ഐക്യരാഷ്ട്രസഭ.

   **UN Voices Concern Over Pakistani Army's Crackdown on Peaceful Protesters in PoK.**

6. കോമൺവെൽത്ത് ഗെയിംസിൽ 15 മെഡലുകളുമായി മുന്നേറ്റം തുടർന്ന് ഇന്ത്യ; പുരുഷ വിഭാഗം ജാവലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്നിറങ്ങും

   **India's Commonwealth Games Medal Tally Rises to 15; Neeraj Chopra Takes Centre Stage Today.**

&&&&&&&&&&&&&&&&&

## ANTI-PAPER LEAK BILL(INTRO)

പരീക്ഷാ സംവിധാനത്തെ സുതാര്യവും വിശ്വസനീയവും നീതിയുക്തവുമാക്കുക എന്നതാണ് പുതിയ പൊതുപരീക്ഷാ ഭേദഗതി നിയമത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി. ചോദ്യപേപ്പർ ചോർച്ചയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്ന ശൃംഖലകളെ ഉന്മൂലനം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.പൊതു പരീക്ഷകളുടെ വിശ്വാസ്യത സംരക്ഷിച്ച് വിദ്യാർഥികൾക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. ബിൽ പാസായതിൽ രാജ്യത്തെ വിദ്യാർഥികളെ അഭിനന്ദിക്കുന്നതായി ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. ചോദ്യപേപ്പർ ചോർച്ചയിൽ ഉൾപ്പെട്ട ആരെയും വെറുതെ വിടില്ലെന്നും കുറ്റക്കാർക്കെതിരെകർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ് )

ചോദ്യപേപ്പർ ചോർത്തുന്നവർക്ക് പരമാവധി 10 വർഷം വരെ തടവും കർശന പിഴയും ബിൽ വ്യവസ്ഥ ചെയ്യുന്നു. പരീക്ഷാ തട്ടിപ്പ് നടത്തുന്ന സംഘടിത മാഫിയകൾക്ക് 10 കോടി രൂപ വരെ പിഴ ചുമത്തും. പരീക്ഷാ ക്രമക്കേട് കേസുകൾ അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കും. രണ്ട് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണം. ഇത്തരം കേസുകൾ പരിഗണിക്കാൻ പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികളും പ്രത്യേക പ്രോസിക്യൂട്ടർമാരെയും നിയോഗിക്കും; മൂന്ന് മാസത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കി വിധി പ്രഖ്യാപിക്കണമെന്നാണ് വ്യവസ്ഥ. തട്ടിപ്പിലൂടെ സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടാൻ അന്വേഷണ ഏജൻസികൾക്ക് അധികാരം നൽകുന്നതോടൊപ്പം, ക്രമക്കേടിൽ പങ്കാളികളാകുന്ന പരീക്ഷാ ഏജൻസികൾക്കും കോച്ചിങ് സെന്ററുകൾക്കും നാല് വർഷം വരെ വിലക്ക് ഏർപ്പെടുത്താനും ബിൽ വ്യവസ്ഥ ചെയ്യുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി..........**

&&&&&&&&&&&&&&&

## RS - NATIONAL HONOUR

വന്ദേമാതരത്തിന് ദേശീയ ഗാനമായ 'ജന ഗണ മന'യ്ക്ക് തുല്യമായ നിയമ സംരക്ഷണം വ്യവസ്ഥ ചെയ്യുന്ന ഭേദഗതി ബിൽ രാജ്യസഭ പാസാക്കി. ദേശീയ ചിഹ്നങ്ങളെ ഇകഴ്ത്തുന്നത് തടയുന്ന 1971-ലെ നിയമമാണ് ഭേദഗതി ചെയ്തത്. പുതിയ ബിൽ പ്രകാരം വന്ദേമാതരത്തെ മനഃപൂർവ്വം അപമാനിച്ചാൽ മൂന്ന് വർഷം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും.

&&&&&&&&&&&&&&&

## PM- NASHA MUKT CAMPAIGN

ലഹരി ഉപയോഗത്തിനെതിരായ നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് പ്രചാരണ പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഉദ്ഘാടനം ചെയ്യും. മൈ ഭാരത് പ്ലാറ്റ്ഫോമിൻറെ നേതൃത്വത്തിൽ രാജ്യവ്യാപകമായി 100 ആഴ്ച നീളുന്ന പ്രചാരണ പരിപാടിയാണ് നടക്കുന്നത്. ഒരു കോടിയിലധികം പേർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ്

മാണ്ഡവ്യ അറിയിച്ചു. ഇതിൻറെ ഭാഗമായി ബോധവൽക്കരണ കാമ്പെയ്നുകൾ, കായിക മത്സരങ്ങൾ, വാക്കത്തോണുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## SCINDIA-IMC THEME LAUNCH (INTRO)

ഇന്ത്യ മൊബൈൽ കോൺഗ്രസ് 2026 പത്താം പതിപ്പിന്റെ പ്രമേയം കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പ്രകാശനം ചെയ്തു. ഏഷ്യയിലെ ഏറ്റവും വലിയ ഡിജിറ്റൽ സാങ്കേതികവിദ്യാ ഫോറമായ ഇന്ത്യ മൊബൈൽ കോൺഗ്രസ് ഒക്ടോബർ 7 മുതൽ 10 വരെ ന്യൂഡൽഹിയിൽ നടക്കും. സൃഷ്ടി, സുരക്ഷ, സശക്ത്, സംവർദ്ധൻ എന്നീ നാല് സ്തംഭങ്ങളിലൂന്നിയാകും ഐഎംസിയുടെ പത്താം പതിപ്പ് സംഘടിപ്പിക്കുകയെന്ന് മന്ത്രി പറഞ്ഞു. **(byte)**

വാർത്താവിനിമയ വകുപ്പും സെല്ലുലാർ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ ആഗോള സാങ്കേതികവിദ്യാ രംഗത്തെ പ്രമുഖർ, ടെലികോം ഓപ്പറേറ്റർമാർ, സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, ഗവേഷകർ, നയരൂപകർത്താക്കൾ അടക്കമുള്ളവർ പങ്കെടുക്കും.

&&&&&&&&&&&&&&&

## Piyush Goyal

കയറ്റുമതി പ്രമോഷൻ കൗൺസിലുകളുടെയും വ്യവസായ അസോസിയേഷനുകളുടെയും പ്രതിനിധികളുമായി ന്യൂഡൽഹിയിൽ കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് കരുത്തേകുകയും വികസിത ഭാരതമെന്ന എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുകയും ചെയ്യുന്ന ശക്തവും ഭാവിസജ്ജവുമായ കയറ്റുമതി ആവാസവ്യവസ്ഥ രൂപപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. ഇന്ത്യയുടെ കയറ്റുമതി മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ യോഗം വിലയിരുത്തി. ആഗോള വിപണിയിൽ

ഇന്ത്യയുടെ മത്സരശേഷി വർധിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള മാർഗങ്ങളും യോഗം ചർച്ച ചെയ്യും.

&&&&&&&&&&&&&&&

## odisha flood

ഒഡീഷയിൽ കനത്ത മഴയും നദികളിലെ ജലനിരപ്പ് ഉയർന്നതും മൂലം വെള്ളപ്പൊക്കം രൂക്ഷമാകുന്നു. മഴക്കെടുതികളിൽ നാല് പേർക്ക് ജീവൻ നഷ്ടമായി. ഏകദേശം നാല് ലക്ഷം പേരെ വെള്ളപ്പൊക്കം ബാധിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണെന്ന് സംസ്ഥാന സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ഇന്ന് മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മഴ തുടരുന്ന സാഹചര്യത്തിൽ വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. നാളെയും മറ്റന്നാളും എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പുണ്ട്. ഞായറാഴ്ച വരെ കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&

## Governor

തിരുവനന്തപുരം വലിയമല IIST യുടെ 14-ാമത് ബിരുദദാന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന് മുഖ്യാതിഥിയാകും. 332 പേർക്ക് ബിരുദം സമ്മാനിക്കും. മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്ക് എക്സലൻസ് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡും വിതരണം ചെയ്യും.

&&&&&&&&&&&&&&&

## CM Kerala

ഭരണ പരിഷ്കാരങ്ങളുടെ ഭാഗമായി പദ്ധതികൾ വൈകുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പൂർണമായും

ഒഴിവാക്കുന്നതിന് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പരിഷ്കാരങ്ങൾ നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അസറ്റ് മാനേജ്മെന്റ് പ്ലാറ്റ്ഫോം, പ്ലാൻ സ്പേസ് 2 രജിസ്റ്റർ, സർക്കാർ സ്ഥാപനങ്ങളുടെ രജിസ്ട്രി, കാലഹരണപ്പെട്ട നിയമങ്ങളുടെ ഭേദഗതി ഉൾപ്പെടെ അഞ്ച് പ്രധാന പരിഷ്കാരങ്ങൾക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകി. ഓണക്കാലത്തെ വിലക്കയറ്റം തടയാൻ സർക്കാർ സജീവമായി ഇടപെടൽ നടത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. 16 ഇനങ്ങൾ അടങ്ങിയ 6 ലക്ഷത്തിലധികം സൗജന്യ ഓണക്കിറ്റുകൾ ആഗസ്റ്റ് 10 മുതൽ 20 വരെ വിതരണം ചെയ്യും.

&&&&&&&&&&&&&&&

## CENSUS

കേരളത്തിൽ ദേശീയ സെൻസസ് 2027- ൻറെ ആദ്യ ഘട്ടം ഇന്ന് അവസാനിക്കും. സെൻസസ് ഒന്നാം ഘട്ടത്തിൽ വീടുകളുടെ വിവരശേഖരണമാണ് നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിൽ ജനസംഖ്യ കണക്കെടുപ്പ് ആരംഭിക്കും.

&&&&&&&&&&&&&&&

## ELECTRICITY (INTRO)

വൈദ്യുതി കണക്ഷനുകൾ നൽകുമ്പോൾ കിലോവാട്ട് അടിസ്ഥാനത്തിൽ ചെലവുകൾ ഈടാക്കുന്നതുമായി ബന്ധപ്പെട്ട കെഎസ്ഇബിയുടെ ആവശ്യത്തിൻമേൽ സംസ്ഥാന വൈദ്യുത നിയന്ത്രണ കമ്മീഷൻ ആഗസ്റ്റ് ആറിന് തെളിവെടുപ്പു നടത്തും.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**
**(വോയ്സ്)**

&&&&&&&&&&&&&&&

## COMMON WEALTH GAMES (INTRO)

കോമൺവെൽത്ത് ഗെയിംസിൽ 15 മെഡലുകളുമായി ഇന്ത്യ എട്ടാം സ്ഥാനത്ത് .മൂന്ന് സ്വർണ്ണവും ഒമ്പത് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെട്ടതാണ് മെഡൽ നേട്ടം. പുരുഷന്മാരുടെ 100 മീറ്റർ T47 ഫൈനലിൽ ദിലീപ് മഹാദു സ്വർണ്ണവും ,മുഹമ്മദ് ബേസിൽ വെള്ളിയും നേടി. രണ്ട് കോമൺവെൽത്ത് ഗെയിംസ് മെഡലുകൾ

നേടുന്ന ആദ്യ ഇന്ത്യൻ പുരുഷ ലോംഗ് ജമ്പറായി, ശ്രീശങ്കർ മാറി.വനിതകളുടെ ഭാരോദ്വഹനത്തിൽ ഹർജിന്ദർ കൗർ വെള്ളി നേടി. പുരുഷന്മാരുടെ 10,000 മീറ്ററിൽ ഗുൽവീർ സിങ് വെള്ളി നേടി.ഈ വിഭാഗത്തിൽ ഒരു ഇന്ത്യൻ താരത്തിൻറെ ആദ്യ മെഡൽ നേട്ടമാണിത് . രാജ്യത്തിനായി മെഡൽ നേടാനായതിൽ അഭിമാനമുണ്ടെന്ന് ഗുൽവീർ സിങ് പറഞ്ഞു. (വോയിസ് ബൈറ്റ് )

പുരുഷ വിഭാഗം ജാവലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്നുച്ചയോടെ കളത്തിലിറങ്ങും.

&&&&&&&&&&&&&&&

## PoK

പാക് അധിനിവേശ കശ്മീരിൽ സമാധാനപരമായി പ്രതിഷേധിക്കുന്നവർക്ക് നേരെ പാകിസ്ഥാൻ സൈന്യം നടത്തുന്ന അതിക്രമങ്ങളിൽ ആശങ്ക രേഖപ്പെടുത്തി ഐക്യരാഷ്ട്രസഭ. റാവലകോട്ടിൽ നിന്ന് മുസാഫറാബാദിലേക്ക് ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി സംഘടിപ്പിച്ച മാർച്ചിന് നേരെ പാകിസ്ഥാൻ സേന നടത്തിയ വെടിവെപ്പിൽ 40-ലധികം സാധാരണക്കാർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. അടിസ്ഥാന മനുഷ്യാവകാശങ്ങൾ മാനിക്കണമെന്നും പ്രതിഷേധക്കാർക്കെതിരായ നടക്കുന്ന ബലപ്രയോഗങ്ങളിൽ ആശങ്കയുണ്ടെന്നും ഐക്യരാഷ്ട്രസഭ വ്യക്തമാക്കി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&